കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - സംസ്ഥാനത്തെ വിവാഹിതരാകാത്ത അമ്മമാർക്ക് പുനരധിവാസ പദ്ധതി - പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി - പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ.(ആർ.റ്റി )നമ്പർ 516/2011 പജ.പ.വ.വിവ തിരുവനന്തപുരം തിയതി 28-5-2011

---

ഉത്തരവ്

സംസ്ഥാനത്തെ വിവാഹിതരാകാത്ത അമ്മമാർക്ക് പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പട്ടികവർഗ്ഗക്കാരായ അവിവാഹിതരായ അമ്മമാർക്ക് ഒരു ഏക്കർ സ്ഥലവും (Scheduled Tribes & Other Traditional Forest Dwellers (Recognition of Forest Rights)Act, 2006 പ്രകാരം) വീടു നൽകുന്നതാണ്. സ്വന്തമായി ഒരു ഏക്കറിൽ കൂടുതൽ വസ്തു ഉള്ളവർക്ക് വീടു വെച്ചു നൽകുന്നതാണ്. വയനാട് ജില്ല മുതലായ എല്ലാ ജില്ലാ കളക്ടർമാർക്കും ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ള ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

(2) ഗ്രൂപ്പ് എന്റർപ്രൈസുകൾ രൂപീകരിച്ച് കമ്പോളത്തിലെ ഡിമാന്റ് അനുസരിച്ച് മെഴുകുതിരി ബുക്ക് (ബൈൻഡിംഗ് ) മുതലായ വസ്തുക്കൾ നിർമ്മിക്കുന്ന പക്ഷം ആയത് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളുടെയും, പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളുടെയും ഉപയോഗത്തിന് പരിഗണിക്കാവുന്നതാണ്.

ഈ പദ്ധതി റവന്യൂ, വനം, പട്ടികവർഗ്ഗ വകുപ്പുകളുടെ സജീവ പങ്കാളിത്തത്തോടുകൂടി സർക്കാർ നേരിട്ട് നടപ്പിലാക്കുന്നതാണ്. ഇതിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത തുകക്ക് പുതുക്കിയ ബഡ്ജറ്റ് പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ഡോ. എസ്. സുബയ്യ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
ചീഫ് ആദിവാസി പുനരധിവാസ വികസന മിഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
സാമൂഹ്യക്ഷേമ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, വനം വകുപ്പ്,
പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
ഉത്തരവിൻപ്രകാരം

Sd/-
സെക്ഷൻ ഓഫീസർ